# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2675 — 12.03.2018 -ലെ മറുപടിയ്ക്ക്

## ഉന്നതവിദ്യാഭ്യാസ മേഖലയിൽ റൂസ പദ്ധതി

*ചോദ്യം*
ശ്രീ. കെ. എസ്. ശബരീനാഥൻ

*ഉത്തരം*
പ്രൊഫ. സി രവീന്ദ്രനാഥ്
(ഉന്നത.വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | റൂസ പദ്ധതി പ്രകാരം സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിയ കാര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | റൂസ പദ്ധതി പ്രകാരം താഴെ പറയുന്ന പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.<br>➢ യൂണിവേഴ്സിറ്റികൾക്കും കോളേജുകൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനുള്ള സാമ്പത്തിക സഹായം നൽകുന്നു.<br>➢ കേരള സർവ്വകലാശാലയിലെ യു.ജി.സി.-അക്കാദമിക് സ്റ്റാഫ് കോളേജിന് അധ്യാപക ഗുണനിലവാരം ഉയർത്തുന്നതിനുള്ള പദ്ധതിക്കായി 1 കോടി രൂപ നൽകിയിട്ടുണ്ട്.<br>➢ സർവ്വകലാശാലകൾ / കോളേജുകൾ സംഘടിപ്പിക്കുന്ന അന്തർദേശീയ - ദേശീയ സെമിനാറുകൾ, ശില്പശാലകൾ എന്നിവക്ക് സാമ്പത്തിക സഹായം നൽകി വരുന്നു.<br>➢ മാതൃകാ കോളേജ് പദ്ധതി പ്രകാരം ഇടുക്കി ജില്ലയിലെ മൂന്നാർ സർക്കാർ കോളേജിന്, 4 കോടി രൂപ അനുവദിച്ചിട്ടുണ്ട്.<br>➢ 30 ഗവ. ആർട്സ് & സയൻസ് കോളേജുകളിൽ സ്ത്രീ സൗഹൃദ കേന്ദ്രങ്ങൾ സ്ഥാപിക്കുവാനുള്ള പദ്ധതിക്ക് തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്.<br>➢ സംസ്ഥാനത്തെ മുഴുവൻ സർക്കാർ കോളേജുകളെയും ബന്ധിപ്പിക്കുന്ന വീഡിയോ കോൺഫറൻസിംഗ് പദ്ധതി - നിലവിൽ 18 ഗവ. കോളേജുകളിൽ പദ്ധതി |

| | | | |
|---|---|---|---|
| | | | പൂർത്തീകരിച്ചിട്ടുണ്ട്.<br>➢ സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 40 ഗവ. കോളേജുകളിൽ ഇ- ജേർണലും ലാപ്ടോപ്പും നല്കി അക്കാദമിക ഗുണനിലവാരം ഉയർത്തുന്നതിനുള്ള പദ്ധതി.<br>➢ സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 40 ഗവ. കോളേജുകളിൽ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് ഉപയോഗിക്കുവാൻ സാധിക്കുന്ന വിധത്തിൽ തയ്യാറാക്കിയ പ്രത്യേക ലാപ്ടോപ്പും, സോഫ്റ്റ് വെയറും നല്കുന്ന പദ്ധതി.<br>➢ 'ശാസ്ത്രയാൻ പദ്ധതി 2018'- സർവ്വകലാശാലകളിലെയും കോളേജുകളിലെയും ഗവേഷണനേട്ടങ്ങൾ പൊതുസമൂഹത്തിന് പ്രയോജനപ്പെടുത്തുന്നതിനുള്ള നൂതന പദ്ധതി. |
| (ബി) | ഗവേഷണം, നൂതന ആശയങ്ങൾ എന്നിവയിൽ ഈ പദ്ധതിയിലൂടെ നടപ്പിലാക്കിയ കാര്യങ്ങൾ എന്തൊക്കെയാണ്; ഇതിലൂടെ എത്ര നൂതന ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്; | (ബി) | **'ശാസ്ത്രയാൻ-2018'** എന്ന പദ്ധതി ഒരു നൂതന ആശയമായി റൂസ വഴി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. സർവ്വകലാശാലകളുടെയും കോളേജു-കളുടെയും അക്കാദമിക് – ഗവേഷണ നേട്ടങ്ങൾ പൊതുസമൂഹത്തിന് പ്രാപ്യമാക്കുന്നതിന് വേണ്ടിയുള്ള "ഓപ്പൺ ഹൗസ്" പ്രോഗ്രാമാണ് ശാസ്ത്രയാൻ. പ്രസ്തുത പദ്ധതിയിലൂടെ സർവ്വകലാശാലകളുടെയും കോളേജുകളുടെയും സമീപ പ്രദേശത്തുള്ള പൊതുസമൂഹത്തിന് സ്ഥാപനം നേടിയ ഗവേഷണനേട്ടങ്ങൾ നേരിട്ട് അനുഭവിക്കുവാൻ സാധിക്കുന്നു. |
| (സി) | ഉന്നതവിദ്യാഭ്യാസ മേഖലയിൽ തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസം നടപ്പിലാക്കുന്നതിൽ എത്രമാത്രം വിജയം കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നറിയി-ക്കാമോ; | (സി) | ഉന്നത വിദ്യാഭ്യാസ മേഖലയിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ നിലവിൽ റൂസ ആരംഭിച്ചിട്ടില്ല. ഉന്നത വിദ്യാഭ്യാസ രംഗത്ത് തൊഴിൽ സാദ്ധ്യതകൾ സൃഷ്ടിക്കുവാനുള്ള പദ്ധതി കേരള റൂസ MHRD യ്ക്ക് സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭ്യമായിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | സർവ്വകലാശാലകൾക്കും കോളേജുകൾക്കും അടിസ്ഥാന സൗകര്യവികസനത്തിനും അക്കാദമിക മികവ് കൈവരിക്കുന്നതിനും റൂസ പദ്ധതി എത്രമാത്രം സഹായകമായി എന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശം നൽകുമോ? | (ഡി) | ഉണ്ട്.<br><br>സംസ്ഥാനത്തെ 6 യൂണിവേഴ്സിറ്റികളിലും 20 ഗവ. ആർട്സ് & സയൻസ് കോളേജുകളിലും കേരള യൂണിവേഴ്സിറ്റിക്കു കീഴിലെ യു.ജി.സി.-അക്കാദമിക് സ്റ്റാഫ് കോളേജിനും റൂസയുടെ ധനസഹായം പ്രത്യേകിച്ച് അടിസ്ഥാനസൗകര്യ വികസനത്തിനും അക്കാദമിക മികവ് കൈവരിക്കുന്നതിനുമായി നല്കിവരുന്നു. പൊതുവിൽ പ്രസ്തുത തുകയുടെ 35% പുതിയ നിർമ്മാണ പ്രവർത്തികൾക്കും 35% പുനരുദ്ധാരണ പ്രവർത്തികൾക്കും 30% അക്കാദമിക് മികവ് ഉയർത്തുവാൻ വേണ്ട വാങ്ങലുകൾക്കുമാണ് പ്രസ്തുത ധനസഹായം വിനിയോഗിക്കുന്നത്. അനുവദിക്കപ്പെട്ട തുക മാനദണ്ഡങ്ങൾക്കനുസൃതമായി യഥാസമയം വിനിയോഗിച്ചതിന്റെ അടിസ്ഥാനത്തിൽ വിവിധ സ്ഥാപനങ്ങൾക്ക് ലഭിക്കുവാനുള്ള 2-ാം ഘട്ടം, 3-ാം ഘട്ടം തുകയും റൂസ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ